# കേരളസർവകലാശാല

നം.പി.ആർ.184/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ബിരുദപ്രവേശനം2020 – മാനേജ്മെന്റ് ക്വാട്ടയിലേക്ക് അപേക്ഷിക്കാം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ബിരുദ കോഴ്സുകൾക്കുള്ള മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ബിരുദപ്രവേശനത്തിന് നേരത്തെതന്നെ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ വീണ്ടും അപേക്ഷിക്കേണ്ടതില്ല. മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിനായി സർവകലാശാല അലോട്ട്മെന്റ് നടത്തുന്നതല്ല. ഇതിലേക്കായി വിദ്യാർത്ഥികൾ നേരിട്ട് അതതു കോളേജുകളെ സമീപിക്കേണ്ടതാണ്.

### വൈവ വോസി

വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന ബി.എ.സോഷ്യോളജി പരീക്ഷയുടെ വൈവ വോസി സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 3 വരെ ഓൺലൈനായി നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് വിദൂരവിദ്യാഭ്യാസകേന്ദ്രവുമായി ബന്ധപ്പെടുക.

### പുതുക്കിയ ഇന്റർവ്യൂ തീയതി

കേരളസർവകലാശാല 2020 സെപ്റ്റംബർ 29 ന് നടത്താൻ നിശ്ചയിച്ചിരുന്ന കണ്ടക്ടർമാരുടെ (ദിവസവേതന) തസ്തികയിലേക്കുള്ള ഇന്റർവ്യൂ ഒക്ടോബർ 6 ാം തീയതിയിലേക്ക് മാറ്റിയിരിക്കുന്നു. ഹാജരാവാൻ നിർദ്ദേശിക്കപ്പെട്ടവർ ഒക്ടോബർ 6 ാം തീയതി രാവിലെ 8.30 ന് പാളയം സെനറ്റ് ഹൗസ് കാമ്പസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### പരീക്ഷാഫലം

2020 ജൂണിൽ നടത്തിയ (ആന്വൽസ്കീം) അവസാനവർഷ ബി.എ.ഇക്കണോമിക്സ് (ഓൺലൈൻ-റെഗുലർ മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഒക്ടോബർ 5 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ബി.എ. (വിദൂരവിദ്യാഭ്യാസം) സെപ്റ്റംബർ 2020, പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിന് ഓൺലൈനായി അപേക്ഷിക്കേണ്ട അവസാനതീയതി ഒക്ടോബർ 5. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. കരട് മാർക്ക്ലിസ്റ്റ് സ്റ്റുഡന്റ്പോർട്ടലിൽ ലഭ്യമാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

24.09.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098